No. 225/2016

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**

**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും സഹപട്ടക്കാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് 19-ാം നൂറ്റാണ്ടിന്റെ പ്രാരംഭകാലത്ത് അതിധീരമായ നേതൃത്വം നൽകിയ സഭാ മേലദ്ധ്യക്ഷൻ ഭാഗ്യസ്മരണാർഹനായ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ (മാർ ദീവന്നാസ്യോസ് രണ്ടാമൻ) തിരുമേനി ദിവംഗതനായിട്ട് 200 വർഷങ്ങൾ പൂർത്തിയാവുകയാണ്. ആ പുണ്യപിതാവിന്റെ ചരമ ദ്വിശതാബ്ദി ആഘോഷങ്ങളുടെ സമാപനം വിപുലമായ പരിപാടികളോടെ ആചരിക്കുവാൻ സഭ നിശ്ചയിച്ചിരിക്കുന്നു. കോട്ടയം പഴയ സെമിനാരി സ്ഥാപകനായ ആ പിതാവിന് കേരളത്തിന്റെ സാമൂഹിക - സാംസ്കാരിക - ആത്മീയ രംഗങ്ങളിൽ സവിശേഷ സ്ഥാനമുണ്ട്. സുറിയാനി ക്രിസ്ത്യാനികളുടെ മേലദ്ധ്യക്ഷൻ എന്ന നിലയിൽ തിരുവെഴുത്തു വിളംബരത്തിലൂടെ തിരുവിതാംകൂർ സർക്കാർ അംഗീകരിച്ച ആദ്യത്തെ മലങ്കര മെത്രാപ്പോലീത്താ കൂടിയായിരുന്നു അദ്ദേഹം. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ തിരുമേനിയുടെ ചരമ ദ്വിശതാബ്ദി ആഘോഷ സമാപന വേദിയിലേക്ക് എത്തിച്ചേരേണ്ടത് മലങ്കര സഭാംഗങ്ങളായ നാം ഓരോരുത്തരുടെയും കടമയാണ്. എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ആബൂനാ മത്ത്യാസ് പാത്രീയർക്കീസ് ബാവാ മുഖ്യ അതിഥിയായി പങ്കെടുക്കുന്ന ഈ സമ്മേളനം സ്മര്യപിതാവിന്റെ ജന്മദേശമായ കുന്നംകുളത്തുവച്ച് 2016 നവംബർ മാസം 20-ാം തീയതി ഞായറാഴ്ച 3 മണി മുതലാണ് ക്രമീകരിച്ചിരിക്കുന്നത്. അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെയും സഭാ സ്ഥാനികളുടെയും കുന്നംകുളം മെത്രാസനത്തിന്റെയും നേതൃത്വത്തിലാണ് സമ്മേളനത്തിന്റെ ക്രമീകരണങ്ങൾ നിർവ്വഹിക്കപ്പെടുന്നത്. നവംബർ മാസം 20-ാം തീയതി ഞായറാഴ്ച ദിവസമാണ് എന്നതിനാൽ അന്നത്തെ വി. കുർബ്ബാനയുടെ സമയം അനുയോജ്യമായ വിധത്തിൽ ക്രമീകരിച്ച് ആ ഇടവകയിൽ നിന്നുള്ള പങ്കാളിത്തം ഉറപ്പാക്കണം എന്ന് ഓർമ്മിപ്പിക്കുന്നു. പ. സഭയുടെ ചരിത്രത്തിലെ ഈ മഹാ സദസ്സിൽ ആ പള്ളി ഇടവകയിൽനിന്നുള്ള വൈദികരുടെ നേതൃത്വത്തിൽ പരമാവധി വിശ്വാസികൾ പള്ളി ച്ചെലവിൽ വന്ന് സംബന്ധിക്കേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2016 സെപ്റ്റംബർ മാസം 24-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.